**പതിനാലാം കേരള നിയമസഭ**
പതിനൊന്നാം സമ്മേളനം

07.06.2018-ന് മറുപടിയ്ക്ക്

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 1374**

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മങ്കട മണ്ഡലത്തിലെ മക്കരപ്പറമ്പ് ഹയർസെക്കൻഡറി സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) മക്കരപ്പറമ്പ് ഹയർസെക്കന്ററി സ്കൂളിന്റെ പുനരുദ്ധാരണത്തിനായി കിഫ്ബി അഞ്ചുകോടി രൂപ അനുവദിച്ചിട്ടുണ്ട് . നിർമ്മാണ പ്രവർത്തനം നടത്തുന്നതിനായി കോൺട്രാക്ടറായി സെഗുറോ ഫൗണ്ടേഷൻസ് & സ്ട്രക്ചേഴ്സിനെ തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) മികവിന്റെ കേന്ദ്രമായി തിരഞ്ഞെടുത്ത കടുങ്ങപുരം ഗവൺമെന്റ് ഹൈസ്കൂളിന് 3 കോടി രൂപ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുണ്ടായ കാലതാമസം വിശദമാക്കാമോ; | (ബി) അനുവദിച്ചിട്ടില്ല. ഡി.പി.ആർ. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതിനായി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതാണ്. |
| (സി). 2018-19 സാമ്പത്തിക വർഷം ഇത്തരത്തിൽ സ്കൂളുകളെ തിരഞ്ഞെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) 2018-19 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ പ്രകാരമുള്ള സ്കൂളുകളെ തിരഞ്ഞെടുക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

Namitha
സെക്ഷൻ ഓഫീസർ